പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3413

08.11.2019 ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ നിലവാരം മെച്ചപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി വീണാജോർജ്ജ്<br>ശ്രീ. വി.അബ്ദുറഹിമാൻ<br>ശ്രീ. കെ.ആൻസലൻ<br>ശ്രീ. കെ.ദാസൻ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സ്ത്രീ ശാക്തീകരണത്തിന് ലോകോത്തര മാതൃകയായി മാറിയ സംസ്ഥാനത്തെ കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ സർക്കാർ സമഗ്രമായി വിലയിരുത്തലിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. 'സ്ത്രീകളുടെ ജീവിതരീതിയിലും തൊഴിലിലും (conditions of life & work) കുടുംബശ്രീയുടെ സ്വാധീനം' എന്ന വിഷയത്തിൽ ലാറി ബേക്കർ സെന്റർ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ വിശദമായ ഒരു പഠനം നടത്തിയിട്ടുണ്ട്. കുടുംബശ്രീയിൽ ചേരുന്നതിന് മുമ്പും പിൻപുമുള്ള സ്ത്രീകളുടെ വീടുകളുടെ അവസ്ഥ, നേരിട്ട് വരുമാനം തരുന്ന സ്രോതസ്സുകളുടെ സ്ഥിതി, കഴിവ് വികസനം, സാമ്പത്തിക സാമൂഹിക ശാക്തീകരണം, വരുമാനദായക പ്രവർത്തനങ്ങൾ തുടങ്ങിയ ഘടകങ്ങൾ പഠന വിധേയമാക്കിയിരുന്നു. ഈ മേഖലകളിലെല്ലാം തന്നെ ഗണനീയമായ പുരോഗതി കൈവരിക്കാൻ കുടുംബശ്രീയുടെ സ്വാധീനംകൊണ്ട് കഴിഞ്ഞതായി ബോധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) കുടുംബശ്രീ അംഗങ്ങളിൽ ഭൂരിഭാഗം പേരും അടിസ്ഥാന വിദ്യാഭ്യാസമുള്ളവരായതിനാൽ അവരെ എസ്.എസ്.എൽ.സി,പ്ലസ് ടു തുല്യതാ കോഴ്സുകൾ പഠിപ്പിച്ച് ഹയർസെക്കന്ററി നിലവാരത്തിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന "സമ" പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 'സമ' പദ്ധതി സംസ്ഥാന സാക്ഷരതാ മിഷനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ചാണ് നടപ്പിലാക്കുന്നത്. ഇതിൽ കുടുംബശ്രീയും പങ്കാളിയാണ്. പദ്ധതിയുടെ രൂപരേഖയും, മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിച്ചു വരുന്നതേയുള്ളു. |
| (സി) കുടുംബശ്രീ ഏറ്റെടുക്കുന്ന എല്ലാ പദ്ധതികളിലും പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് ആ രംഗത്തെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശോധനയും പരിശീലനവും നടത്തി മികച്ച നിലവാരം നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) കുടുംബശ്രീ ഏറ്റെടുക്കുന്ന എല്ലാ പദ്ധതികളിലും പ്രൊഫഷണലിസം കൊണ്ടു വരുന്നതിന് അതാത് രംഗത്തെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശോധനയും പരിശീലനവും നടത്തി മികച്ച നിലവാരം നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ